നം.KSCDRC/9/2023-A തീയതി:24-01-2024

# ***സർക്കുലർ നമ്പർ 01/2024***

വിഷയം:

സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ - ഔദ്യോഗിക ഭാഷ - മലയാളമാക്കുന്നത് സംബന്ധിച്ച്

സൂചന :1. 18-07-1973 ലെ ബഹു. ഹൈക്കോടതിയുടെ സർക്കുലർ നം.7/73(D 6/27876/71)

2. ബഹു. ഹൈക്കോടതിയുടെ 16-06-230022 ലെ ലെ ഓഫീസ് മെമ്മോറാണ്ടം.

3. 15/01/2008 ലെ 11544/CA2/07 നമ്പർ സർക്കാർ കത്ത്.

4. കേരളാ നിയമ സഭയുടെ ഔദ്യോഗിക ഭാഷാ സമിതിയുടെ 28/11/2022 ലെ 3146/ഔ. ഭാ സ/2012/ നി സെ നമ്പർ കത്ത്.

5. 12-01-2024 തീയതിയിലെ സർക്കാർ ഡെ.സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് നം CAD/84/2023/CAD

6.15-12-2022 ലെ സർക്കാർ കത്ത് നം CAD/CA2/344/2022-CAD

കേരള സംസ്ഥാനം രൂപീകൃതമായി അര നൂറ്റാണ്ട് കഴിഞ്ഞിട്ടും മലയാളം കേരളത്തിന്റെ ഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കപ്പെട്ട ശേഷവും ഭരണ തലത്തിലും മറ്റും ഏറിയ പങ്കും ഔദ്യോഗിക ഭാഷ ആംഗലേയമായി തുടരുന്നു. 1965 ഒക്ടോബർ 19 -ആം തീയതി മലയാളം കേരളത്തിന്റെ ഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. എന്നിരിക്കിലും ഇപ്പോഴും ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളത്തിലാക്കുവാൻ സാധിച്ചിട്ടില്ല.

സൂചന (1), (2) പ്രകാരം ***ബഹു: കേരള ഹൈക്കോടതി ഉദ്ധരിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ പ്രകാരം കേരളത്തിലെ കോടതികളിൽ ഇംഗ്ലീഷിലോ മലയാളത്തിലോ വിധി ന്യായങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.***

സൂചന(3)ലെ സർക്കാർ കത്തിൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരായ പരാതിക്കാർക്ക് മനസ്സിലാക്കുവാൻ ഉതകുമാറ് ***ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ കഴിയുന്നത്ര വിധിന്യായങ്ങൾ മലയാളത്തിൽ പുറപ്പെടുവിക്കുന്നത് സാധാരണ ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു.***

സൂചന (4) പ്രകാരം ഔദ്യോഗിക ഭാഷ സംബന്ധിച്ച് നിയമസഭാ സമിതി (2021-23) സമിതി (2011-14) യുടെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 35-ൽ താഴെപ്പറയും പ്രകാരം ശുപാർശ

ചെയ്തിരിക്കുന്നു. "കോടതി ഭാഷ പൂർണ്ണമായി മലയാളമാക്കുന്നതിന് പല കടമ്പകൾ കടക്കേണ്ടതായിട്ടുണ്ടെന്നുംഅതിനായി കൂടുതൽ പഠനങ്ങളും ചർച്ചകളും ആവശ്യമാണെന്നും സമിതി കരുതുന്നു. എന്നിരുന്നാലും ആദ്യഘട്ടം എന്ന നിലക്ക് സാധാരണ ജനങ്ങൾ കൂടുതൽ വ്യവഹരിക്കുന്ന മേഖലയായ ഉപഭോക്തൃ തർക്ക പരിഹാര ഫോറം, കുടുംബകോടതികൾ എന്നിവിടങ്ങളിൽ മലയാളഭാഷ ഉപയോഗിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു."

കേരള സർക്കാരിന്റെ താൽപ്പര്യം കണക്കിലെടുത്തും, നിയമ സഭാ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്തെ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകൾ ഉത്തരവുകളും നടപടിക്രമങ്ങളും മലയാള ഭാഷയിലും പുറപ്പെടുവിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

ഒപ്പ്

പ്രസിഡന്റ്